കരവാരം പഞ്ചായത്തിൽ കർഷക തൊഴിലാളി പെൻഷൻ അനുവദിക്കപ്പെട്ടവർ

1295 [2322] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ കരവാരം പഞ്ചായത്തിൽനിന്നും കർഷക തൊഴിലാളി പെൻഷന് 1986 ജൂൺ 30 വരെ മൊത്തം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പഞ്ചായത്തിൽ എത്ര പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ചിട്ടുണ്ടെന്നും അതിൽ പുരുഷൻമാർ എത്ര; സ്ത്രീകൾ എത്ര എന്നും വ്യക്തമാക്കാമോ;

(സി) ബാക്കി അപേക്ഷകർക്കുകൂടി കർഷക തൊഴിലാളി പെൻഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ പഞ്ചായത്തിൽ നിന്നും കർഷക തൊഴിലാളി പെൻഷനുവേണ്ടി എത്ര പേർ അപേക്ഷിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് പെൻഷൻ അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 169.

(ബി) 120 പേർക്ക്.

ഇതിൽ പുരുഷൻമാർ—50

സ്ത്രീകൾ—70

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) മൊത്തം 446 അപേക്ഷകൾ ലഭിച്ചു. ഇതിൽ 359 പേർക്ക് പെൻഷൻ അനുവദിച്ചു.

നഗരൂർ പഞ്ചായത്തിൽ കർഷക തൊഴിലാളി പെൻഷൻ അനുവദിക്കപ്പെട്ടവർ

1296 [2323] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ നഗരൂർ പഞ്ചായത്തിൽ നിന്നും കർഷക തൊഴിലാളി പെൻഷനു 1986 ജൂൺ 30 വരെ മൊത്തം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഈ പഞ്ചായത്തിൽ എത്രപേർക്കു കർഷക തൊഴിലാളി പെൻഷൻ അനുവദിച്ചിട്ടുണ്ടെന്നും അതിൽ പുരുഷൻമാർ എത്ര; സ്ത്രീകൾ എത്ര എന്നും വ്യക്തമാക്കാമോ;

(സി) ബാക്കി അപേക്ഷകർക്കു കൂടി കർഷക തൊഴിലാളി പെൻഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly